# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 967 — 7/2/2013-ലെ മറുപടിയ്ക്ക്

## ശരണ്യ തൊഴിൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ശരണ്യ തൊഴിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ; | (എ) സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന അശരണരും തൊഴിൽ രഹിതരുമായ വനിതകളെ സ്വയം തൊഴിൽ ചെയ്യാൻ പ്രാപ്തരാക്കുകയും ആയതിന് ധനസഹായം നൽകുകയുമാണ് ശരണ്യ പദ്ധതിയുടെ ഉദ്ദേശ്യം. സ്ത്രീശാക്തീകരണവും തൊഴിലില്ലായ്മയും ഒരു പരിധി വരെ കുറയ്ക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |
| (ബി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം ആർക്കെല്ലാമാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരും വാർഷിക കുടുംബവരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തവരും, പ്രായം 18 നും 55 നും മദ്ധ്യേയുള്ള (അവിവാഹിതകൾഒഴികെ) വിധവകൾ, നിയമാനുസൃതം വിവാഹ ബന്ധം വേർപ്പെടുത്തിയവർ, 30 വയസ്സു കഴിഞ്ഞ അവിവാഹിതകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, പട്ടികവർഗ്ഗത്തിലെ അവിവാഹിതകളായ അമ്മമാർ എന്നീ വിഭാഗത്തിലുള്ള വനിതകൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത്; | (സി) | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖാന്തിരമാണ് പദ്ധതി നടപ്പാക്കുന്നത്. |
| (ഡി) | എന്തെല്ലാം ധനസഹായങ്ങളും വായ്പകളുമാണ് പ്രസ്തുത പദ്ധതി പ്രകാരം നൽകുന്നത് ? | (ഡി) | ചെറുകിടസ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പയായാണ് ടി പദ്ധതിപ്രകാരം ധനസഹായം നൽകുന്നത്. അപേക്ഷ സമർപ്പിക്കുന്ന പ്രോജക്റ്റിന് അനുസരിച്ച് ഒരു പദ്ധതിയ്ക്ക് പരമാവധി 50,000/- രൂപ വരെയാണ് സാധാരണ ഗതിയിൽ വായ്പ അനുവദിക്കുന്നത്. എന്നാൽ പ്രോജക്റ്റ് നോക്കി ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പഅനുവദിക്കുന്നതാണ്.വായ്പ തുകയുടെ 50% പരമാവധി 25,000/- രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നു. 50,000/- രൂപ വരെ പലിശരഹിത വായ്പയായാണ് നൽകുന്നത്. 50,000/- രൂപയ്ക്കുമേൽ വായ്പ ആവശ്യമുള്ള ഗുണഭോക്താക്കൾ 3% പലിശ (ഫ്ലാറ്റ് നിരക്കിൽ) 50,000/- രൂപയ്ക്കുമേലുള്ളസംഖ്യയ്ക്ക് നൽകേണ്ടതാണ്. |

സെക്ഷൻ ഓഫീസർ